(ശ്രീ. കെ. പി. രാജേന്ദ്രനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും ഗവണ്മെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സഭ വിട്ട് പുറത്തുപോവുകയും അല്പസമയത്തിനുള്ളിൽ വീണ്ടും സഭയിൽ ഹാജരാകുകയും ചെയ്തു.)

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ, പോലീസ് ഭരണത്തിൽ രാഷ്ട്രീയ ഇടപെടൽ പാടില്ല എന്ന ഉറച്ച നിലപാട് എടുത്തിരിക്കുന്ന മുഖ്യമന്ത്രിയാണ് മാറാട് പുനരധിവാസത്തിന് തടസ്സം സൃഷ്ടിക്കുന്ന രാഷ്ട്രീയ ഇടപെടൽ നടത്തിക്കൊണ്ടിരിക്കുന്നത്. ആർ.എസ്.എസ്.നും സംഘ്പരിവാറിനും അനിഷ്ടം സൃഷ്ടിക്കുന്ന ഒരു പ്രവർത്തനവും ജില്ലാ ഭരണകൂടത്തിന്റേയും പോലീസിന്റേയും ഭാഗത്തുനിന്നും ഉണ്ടാകാൻ പാടില്ല എന്ന മുഖ്യമന്ത്രിയുടെ വ്യക്തിപരമായ തീരുമാനമാണ് മാറാട് പുനരധിവാസം സംബന്ധിച്ച് ജില്ലാഭരണകൂടത്തിന്റെ നടപടികൾക്ക് തടസ്സം സൃഷ്ടിക്കുന്നത് എന്ന ശക്തമായ ആരോപണം ഇവിടെ ഉന്നയിക്കുകയാണ്. ആ ഒറ്റ നിലപാട് കൊണ്ടാണ് അവിടെ പുനരധിവാസം നടക്കാത്തത്. ഇതിനെക്കുറിച്ച് വിശദമായ ചർച്ച നടത്തേണ്ടതായിട്ടുണ്ട്. ഈ ഭരണ മുന്നണിയിലെതന്നെ ഓരോ കക്ഷിയുടേയും ഇതുസംബന്ധിച്ച അഭിപ്രായം ഇവിടെ വ്യക്തമാക്കേണ്ടതായിട്ടുണ്ട്. അങ്ങനെ ഒരു ചർച്ച ഇവിടെ അനുവദിക്കാത്ത നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഡോ. എ.നീലലോഹിതദാസൻ നാടാരും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും ഗവണ്മെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സഭ വിട്ട് പുറത്തുപോവുകയും അല്പസമയത്തിനുള്ളിൽ വീണ്ടും സഭയിൽ ഹാജരാകുകയും ചെയ്തു.)

ശ്രീ. എ. എ. അസീസ് : സർ, മാറാട് സംഭവം യഥാർത്ഥത്തിൽ ഗവൺമെന്റ് ആർ.എസ്.എസ്.ന് കീഴടങ്ങുന്ന ലജ്ജാകരമായ സംഭവമാണ്. യഥാർത്ഥത്തിൽ പോലീസിന്റെ അനുമതിയോടുകൂടി പുനരധിവാസത്തിനുവേണ്ടിയാണ് 2 കുടുംബങ്ങളെ അവിടെ കൊണ്ടുവന്നത്. അവരെ തിരിച്ചയയ്ക്കേണ്ടിവന്ന ഖേദകരമായ സംഭവം യഥാർത്ഥത്തിൽ ഈ ഗവണ്മെന്റിന് ലജ്ജാകരമാണ്. അത് ഒരിക്കൽക്കൂടി ആർ.എസ്.എസ്.-ന് കീഴടങ്ങുന്നു എന്നുള്ളത് നിങ്ങൾ തെളിയിച്ചിരിക്കുകയാണ്. ഈ സംഭവത്തെക്കുറിച്ച് ഇവിടെ ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുകയാണ്.

(ശ്രീ. എ. എ. അസീസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗവും ഗവണ്മെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സഭ വിട്ട് പുറത്തുപോവുകയും അല്പ സമയത്തിനുള്ളിൽ വീണ്ടും സഭയിൽ ഹാജരാകുകയും ചെയ്തു.)

## III ശ്രദ്ധക്ഷണിക്കൽ

### (1) പദ്ധതി നിർവ്വഹണത്തിന് ലക്ഷ്യം നേടാൻ നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : സർ, പദ്ധതി നിർവ്വഹണം യഥാസമയം പ്രതീക്ഷിച്ച രീതിയിൽ നടപ്പാകാതെ വരുന്ന സ്ഥിതിക്ക് മാറ്റം ഉണ്ടാക്കുന്നതിനുവേണ്ടി ഇംപ്ലിമെന്റേഷൻതലം മുതൽ ക്യാബിനറ്റ്വരെ പദ്ധതി വിലയിരുത്തൽ ഉണ്ടാകണമെന്ന് ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ദൗർഭാഗ്യത്തിന് നമ്മുടെ വികസന ഉദ്യോഗസ്ഥന്മാരും മാറിമാറി വന്ന ഗവണ്മെന്റുകളും പദ്ധതി വിലയിരുത്തുന്നതിൽ കർമ്മഫലം അന്വേഷിക്കരുത് എന്ന ഗീതാ വചനം, കർമ്മണ്യേ വാധി കാരസ്തേ, മാ ഫലേഷു കദാചനാ എന്ന വിശ്വാസക്കാരായി മാറിയിരിക്കുന്നു. അതിന് മാറ്റം ഉണ്ടാകണം. സംസ്ഥാനത്തിന്റേയും ജനങ്ങളുടേയും ഭാവി പദ്ധതി വിജയത്തെ ആധാരമാക്കിയിരിക്കുകയാണ്. ഇന്ന് പദ്ധതി പ്രവർത്തനം ഒരു ഫോർമൽ കാര്യമായി മാത്രം മാറിയിരിക്കുന്നു. പദ്ധതിക്കുവേണ്ടി നീക്കിവച്ച തുകയോ വെട്ടിച്ചുരുക്കിയ തുകയോ മാത്രം പത്രത്തിൽ വരുന്നു എന്നുള്ളതല്ലാതെ അധികരിച്ച തുകകൾ വരുന്നില്ല. 9-ാം പഞ്ചവത്സര പദ്ധതിയുടെ 4-ാം വർഷം കഴിഞ്ഞ ഗവണ്മെന്റ് 2705 കോടി രൂപ ഉൾപ്പെടുത്തിയപ്പോൾ 2002-03-ൽ അത് 4102.6 കോടി രൂപയായി ഉയർന്നു. ഈ വർഷം അത് 4425.64 കോടി രൂപയായി ഉയർന്നു. അതിന്റെ ഗുണഫലം കേരളത്തിലെ ജനങ്ങൾക്കുണ്ടാകണം. 1960 കളിൽ ഈ സഭ പദ്ധതിയെക്കുറിച്ച് വളരെ ഗൗരവമായി ആലോചിച്ചതായി രേഖകളിൽ കാണുന്നു. ഇന്ന് അങ്ങനെയുണ്ടോ-എന്നതിനെക്കുറിച്ച് എനിക്ക് സംശയമുണ്ട്. അതിന് മാറ്റം വരണം. ഫിനാൻഷ്യൽ ടാർജറ്റ് പോലെതന്നെ നേടാൻ കഴിയുന്ന ഫിസ്ക്കൽ ടാർജറ്റും ചർച്ചാ വിഷയമാക്കണം. 1999-2000-ൽ ആളോഹരി വികസന ചെലവ് 2,028 രൂപ ആയിരുന്നത് 2002-2003-ൽ 2575 രൂപയായി ഉയർന്നു. വാർഷിക വികസന പദ്ധതി നീക്കി വയ്ക്കുന്ന തുകയിൽ 90 ശതമാനവും അവസാനത്തെ 3 മാസം മാത്രമാണ് ചെലവാക്കുവാൻ ഉപയോഗിക്കുന്നതെന്ന് പ്ലാനിംഗ് കമ്മിഷന്റേയും, പ്ലാനിംഗ് ബോർഡിന്റെയും സി.ഡി.എസ്.-ന്റെയും, യൂറോപ്യൻ ഇക്കണോമിക് കമ്മ്യൂണിറ്റിയുടേയുമൊക്കെ പഠനങ്ങൾ തെളിവാണ്. അതുപോലെതന്നെ തുക മാറ്റി ചെലവഴിച്ചും, ടി.പി. അക്കൗണ്ടാക്കിയുമൊക്കെ വർഷാന്ത്യമാകുമ്പോൾ 90 ശതമാനം ചെലവാക്കി എന്ന ന്യായവാദമാണ് പ്ലാനിംഗ് ബോർഡും, ഗവൺമെന്റും പരസ്പരം പറയുന്നത്. അതിന് മാറ്റമുണ്ടാകണം. ഒന്നാമതായി പദ്ധതി നിർവ്വഹണത്തിന് വേണ്ടത്ര സമയം വേണം. ബഡ്ജറ്റ് പാസ്സാക്കുന്ന സമയം മുതൽ അതു സംബന്ധിച്ചുള്ള എല്ലാ മാറ്റവും അനിവാര്യമാണ്. കേന്ദ്രത്തിലെപോലെ ഏപ്രിൽ അവസാനമോ, മേയ് ആദ്യമോ നമ്മുടെ ബഡ്ജറ്റ് പാസ്സാക്കാൻ കഴിയണം. പ്ലാനിംഗ് മോണിറ്ററിംഗിന് വേണ്ടത്ര സമയം ഉറപ്പു വരുത്തി കാര്യക്ഷമത വർദ്ധിപ്പിക്കുവാൻ കഴിയണം. നിശ്ചയിച്ച പദ്ധതിയുടെ തുക അതേ കാര്യത്തിനുതന്നെ വിനിയോഗിക്കാൻ കഴിയണം. ടാർജറ്റ് നേടുവാനുള്ള കറക്ടീവ് ആക്ഷൻ ഉണ്ടാകണം. റിട്ടേൺസ് ഓൺ ഇൻവെസ്റ്റ്മെന്റ് എത്ര എന്നറിയാൻ ജനങ്ങൾക്കും ഈ സഭയ്ക്കും ആഗ്രഹമുണ്ട്. അതിനാൽ അത് പ്രസിദ്ധപ്പെടുത്താൻ കഴിയണം. പദ്ധതി നടപ്പിലാക്കുന്നതിൽ വരുന്ന കാലതാമസം....ഉദാഹരണമായി ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. 1962-ലാണ് കല്ലട ജലസേചന പദ്ധതിക്കുവേണ്ടി 13.28 കോടി രൂപ നീക്കിവെച്ചത്. ആ പദ്ധതി പ്രാവർത്തികമാക്കുന്നതിനു വേണ്ടി 1999-ൽ മാറ്റി വച്ചത് 725 കോടി രൂപയാണ്. 40 വർഷം കൊണ്ട് ജലസേചനം വേണ്ടതായ നിലങ്ങൾ എല്ലാം നികത്തിക്കഴിഞ്ഞിരിക്കുന്നു. ആ കാര്യത്തെ സംബന്ധിച്ച് നമ്മൾ ആലോചിക്കണം. നമ്മുടെ ഉദ്യോഗസ്ഥന്മാരുടെ അക്കൗണ്ടബിലിറ്റിയും റെസ്പോൺസിബിലിറ്റിയും

LIBRARY ARCHIVES Kerala Legislative Assembly

ഉറപ്പു വരുത്താൻ നമുക്ക് കഴിയണം. ഈ വക കാര്യങ്ങൾക്കായി എല്ലാ മാസവും ഒരു ക്ലിപ്ത ദിവസം ഇംപ്ലിമെന്റേഷൻ യൂണിറ്റ്-ഡിപ്പാർട്ടുമെന്റ്-പ്ലാനിംഗ് ബോർഡ്-ക്യാബിനറ്റ് വരെ ഇവാലുവേഷൻ നടത്തുന്നതിന് ആവശ്യമായ ഒരു സമഗ്രമായ പദ്ധതി ഉണ്ടാക്കുവാനും പദ്ധതി നിർവ്വഹണത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ എ.കെ. ആന്റണി ടച്ച് വികസന പദ്ധതിയുടെ ക്രമീകരണത്തിൽ ഉണ്ടാകണമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുവാനും ഈ സഭയുടെ ശ്രദ്ധക്ഷണിക്കുവാനും ഞാൻ ആഗ്രഹിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : ആസൂത്രണ കമ്മിഷനും സംസ്ഥാന ഗവൺമെന്റും ആലോചിച്ച് പദ്ധതി നിർവ്വഹണത്തിൽ ഓരോ മാസവും കൈവരിക്കേണ്ട ലക്ഷ്യം നിശ്ചയിച്ചിട്ടുണ്ട്. പദ്ധതി വർഷത്തിന്റെ 1-ാം പാദത്തിൽ ആകെ പദ്ധതി അടങ്കലിന്റെ 15 ശതമാനവും 2-ാം പാദത്തിൽ 25 ശതമാനവും മൂന്ന്, നാല് പാദങ്ങളിൽ യഥാക്രമം 30 ശതമാനവും വീതമായിട്ടാണ് ലക്ഷ്യം നിർണ്ണയിച്ചിട്ടുള്ളത്. ഇങ്ങനെ വ്യക്തമായ ലക്ഷ്യങ്ങൾ ഉണ്ടെങ്കിലും നിർഭാഗ്യവശാൽ ഇത്രയും കാലമായിട്ടും സാമ്പത്തിക വർഷത്തിന്റെ അവസാനം ഫെബ്രുവരിയിലും മാർച്ചിലും ആണ് പലപ്പോഴും ചെലവുകളെല്ലാം നടക്കുന്നത്. ഈ വർഷം മുതൽ അതിൽനിന്ന് വ്യത്യസ്തമായി സമയബന്ധിതമായി കാര്യങ്ങൾ നടത്തുന്നതിനുവേണ്ടി ചില തീരുമാനങ്ങളെടുത്തിട്ടുണ്ട്. എല്ലാ പദ്ധതികൾക്കും ഭരണാനുമതി ആഗസ്റ്റ് 31-നു മുമ്പ് പൂർത്തിയാക്കുവാൻ നിർദ്ദേശം നൽകുകയാണ് കംപ്യൂട്ടറൈസ്ഡ് മോണിറ്ററിംഗ് നടപ്പിലാക്കുവാനുള്ള ഉള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇത് വരുന്ന രണ്ടു വർഷംകൊണ്ട് പൂർത്തിയാക്കുവാൻ ഉദ്ദേശിക്കുന്നു. ഇങ്ങനെയുള്ള നടപടികൾ വരുന്നതോടുകൂടി പദ്ധതിയുടെ നടത്തിപ്പിൽ ഇപ്പോൾ കാണുന്ന അപാകതകൾ പരിഹരിക്കാൻ കഴിയും. ഈ വർഷം മുതൽ പദ്ധതി ടാർജറ്റ് (ലക്ഷ്യം) ഓരോ വർഷവും നേടാനുള്ള ശ്രമങ്ങളാണ് ഗവൺമെൻറ് ആരംഭിച്ചിരിക്കുന്നത് എന്നാണ് എനിക്ക് അറിയിക്കാനുള്ളത്.

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : ഈ പദ്ധതി പ്രാവർത്തികമാക്കുവാൻ ബാദ്ധ്യസ്ഥരായ ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ച് ഒരു അക്കൗണ്ടബിലിറ്റിയും ഒരു റെസ്പോൺസിബിലിറ്റിയും ഉറപ്പു വരുത്തുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. എ. കെ. ആന്റണി : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം തീർച്ചയായും പരിഗണിക്കുന്നതാണ്.

## (2) മാനദണ്ഡങ്ങളും ചട്ടങ്ങളും ലംഘിച്ചുകൊണ്ടുള്ള നിയമനങ്ങൾ

ശ്രീ. എം. വി. ജയരാജൻ : വിവിധ സർക്കാർ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും സർക്കാർ നിയന്ത്രണത്തിലുള്ള സ്വാശ്രയ സ്ഥാപനങ്ങളിലും എല്ലാ മാനദണ്ഡങ്ങളും ലംഘിച്ചുകൊണ്ടുള്ള നിയമനങ്ങളാണ് ഇപ്പോൾ വ്യാപകമായി നടക്കുന്നത്. അതുമൂലം പി.എസ്.സി. റാങ്ക് ലിസ്റ്റിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ സീനിയോറിറ്റി ലിസ്റ്റിലും അർഹരായിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly